**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം **സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2041** **14.07.2011-ൽ മറുപടിക്ക്.**

# തൃശ്ശൂർ മൃഗശാലയുടെ ആധുനിക വൽക്കരണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം.പി. വിൻസെന്റ്** | **കുമാരി പി.കെ. ജയലക്ഷ്മി**<br>**(ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)** |
| (എ) കൂടുതൽ പക്ഷിമൃഗാദികളെ ഉൾപ്പെടുത്തി തൃശ്ശൂർ മൃഗശാല നവീകരിക്കുമോ; | (എ) തൃശ്ശൂർ മൃഗശാല വളരെ പരിമിതമായ സ്ഥലത്താണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. ആയതിനാൽ കൂടുതൽ പക്ഷിമൃഗാദികളെ ഇപ്പോൾ ഉൾപ്പെടുത്തുന്നതിന് നിർവ്വാഹമില്ല. |
| (ബി) മൃഗങ്ങൾക്ക് മികച്ച ആവാസ വ്യവസ്ഥ ഒരുക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന മൃഗശാല 13 ഏക്കറോളം വരുന്ന വളരെ പരിമിതമായ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുമ്പോൾ കൂടുതൽ സ്ഥലം ലഭ്യമാകുകയും അതുവഴി മികച്ച ആവാസവ്യവസ്ഥ ലഭിക്കുകയും ചെയ്യും. |
| (സി) തൃശ്ശൂർ മൃഗശാലയിൽ ആധുനിക വൽക്കിലണവുമായി ബന്ധപ്പെട്ട നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം ; | (സി) തൃശ്ശൂർ മൃഗശാല ആധുനിക രീതിയിൽ വികസനം നടത്തുന്നതിനായി സ്ഥലം അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടതിനാൽ പുത്തൂർ, കൈന്നൂർ വില്ലേജുകളിലായി 124 ഹെക്ടർ വനഭൂമി കണ്ടെത്തുകയും, മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>പക്ഷികൾ, ഉരഗങ്ങൾ, സസ്യഭുക്കുകൾ, മാംസഭുക്കുകൾ തുടങ്ങിയ ക്രമത്തിലായി പക്ഷിമൃഗാദികൾക്കുള്ള പരിബന്ധനങ്ങൾ ക്രമീകരിക്കുന്നതാണ്.<br><br>ഇതു കൂടാതെ ആധുനിക രീതിയിലുള്ള മൃഗശാലാ ആശുപത്രി, ഓഫീസ്, സ്റ്റോർ, സന്ദർശകർക്ക് വിശ്രമിക്കുവാനുള്ള സ്ഥലം, കഫറ്റിരിയ, പാർക്കിംഗ് സ്ഥലം എന്നിവയും സജ്ജീകരിക്കുന്നുണ്ട്. |
| (ഡി) തൃശ്ശൂർ മൃഗശാലയിൽ പ്ളാസ്റ്റിക് നിരോധനം നടപ്പിലാക്കുമോ ? | (ഡി) സന്ദർശകർ കൊണ്ടുവരുന്ന പ്ളാസ്റ്റിക് ബോട്ടിലുകൾ ഒഴിച്ചുള്ള പ്ളാസ്റ്റിക് വസ്തുക്കൾ ഇപ്പോൾ തൃശ്ശൂർ മൃഗശാലയ്ക്കുള്ളിൽ കടത്തി വിടുന്നില്ല. |

സെക്ഷൻ ഓഫീസർ